പദ്ധതിയിലേക്ക് അപേക്ഷ നൽകുന്നതിന് 1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അവസരം നൽകിയിരുന്നു. കൂടാതെ റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ, മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികൾ എന്നിവ മുഖേനയും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകളിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ പൂർത്തിയായിട്ടില്ല.

(ഡി) പദ്ധതിപ്രകാരം 43437 ഗുണഭോക്താക്കൾക്ക് ഇതുവരെ പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോടതി ഇടപെടലുകൾ മൂലമോ മറ്റ് തർക്കങ്ങൾ മുഖേനയോ അനുവദിക്കപ്പെട്ട ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽത്തന്നെയാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിവരുന്നത്. എന്നാൽ അപേക്ഷകരുടെ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ സമീപ വില്ലേജുകളിൽ നിന്നുള്ള ഭൂമി നൽകിയ സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമല്ലാത്തതാണെന്ന് ബോദ്ധ്യമാകുന്ന കേസുകളിൽ അനുയോജ്യമായ ഭൂമി നൽകാനുള്ള നടപടികളെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

റോഡുകൾ സുരക്ഷിതമാക്കുന്നതിന് കർമ്മ പദ്ധതി

28(*117) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ സുരക്ഷിതമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) റോഡുകൾ സുരക്ഷിതമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, ഗതാഗതക്കുരുക്ക് കുറച്ച് സുഗമമായ ഗതാഗതം ഉറപ്പുവരുത്തുക, വാഹനയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഉന്നത ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുക എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. റോഡുകൾ സുരക്ഷിതമാക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിംഗുകൾ, ദിശാ ബോർഡുകൾ, സൈൻ ബോർഡുകൾ, അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹംപുകൾ, റംപിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ സ്ഥാപിക്കുക തുടങ്ങിയ റോഡ് സുരക്ഷാ ഉപാധികൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ജ്യോമെട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ്, ഓട്ടുപാകിയ നടപ്പാതകൾ, പ്രധാന ജംഗ്ഷനുകളിൽ കൈവരികൾ, സിഗ്നൽ ലൈറ്റുകൾ, സീബ്രാ ക്രോസിംഗുകൾ, ഫുട്പാത്തുകൾ, അണ്ടർപാസ്സുകൾ, ഓവർ ബ്രിഡ്ജുകൾ എന്നിവയുള്ള ശിപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരള റോഡ് സുരക്ഷ അതോറിറ്റിയെയും കേരള പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് സുരക്ഷാ സെല്ലിനെയും ശക്തിപ്പെടുത്തുക, ജില്ലാ റോഡ് സുരക്ഷ സമിതികളെ ശക്തിപ്പെടുത്തി കൂടുതൽ മാതൃകാ സുരക്ഷാ റോഡുകൾ എല്ലാ ജില്ലകളിലും ഉണ്ടാക്കുക എന്നിവയാണ് പ്രധാനമായും ചെയ്യുക.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറ്റി എന്നിവ മീറ്റിംഗുകളും സംസ്ഥാനതല അവലോകന യോഗങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന റോഡപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതി

29(*119) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly